**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4995** **20-03-2025 - ൽ മറുപടിയ്ക്ക്**

**ചോദ്യപേപ്പർ ചോർച്ചകളിൽ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എസ്.എസ്.എൽ.സി., പ്ലസ് ടു, വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷകളുടെ ചോദ്യപേപ്പറുകൾ എത്ര തവണ ചോർന്നിട്ടുണ്ട്; ഓരോന്നിന്റെയും വിശദാംശം വ്യക്തമാക്കുമോ; | (എ) | (എ) എസ്.എസ്.എൽ.സി. പൊതുപരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നിട്ടില്ല.<br><br>മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ രണ്ട് തവണ മാത്രമാണ് ഹയർസെക്കന്ററി പരീക്ഷകളുടെ ചോദ്യപേപ്പറുകൾ ചോർന്നതുമായി ബന്ധപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുള്ളത്. 2020 ഡിസംബറിൽ നടന്ന ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷയുടെ ഇംഗ്ലീഷ്, ഇക്കണോമിക്സ്, അക്കൗണ്ടൻസി വിത്ത് എഎഫ്എസ് വിഷയങ്ങളുടെ ചോദ്യപേപ്പറുകൾ മലപ്പുറം കുഴിമണ്ണ ജി.എച്ച്.എസ്.എസിൽ നിന്നും മോഷണം പോകുകയുണ്ടായി. കൂടാതെ 2024 ഡിസംബറിൽ നടന്ന അർദ്ധവാർഷികപരീക്ഷയുടെ ചോദ്യപേപ്പർ യൂട്യൂബിലൂടെ പ്രചരിക്കുകയുണ്ടായി.<br><br>2023 മാർച്ച് മാസത്തിൽ നടത്തിയ വൊക്കേഷണൽ ഹയർസെക്കന്ററി പൊതു പരീക്ഷയിൽ ഇടമൺ വി.എച്ച്.എസ്. സ്കൂളിൽ 10/3/2023 തീയതിയിൽ നടത്തേണ്ടിയിരുന്ന എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് രണ്ടാം വർഷപരീക്ഷ, വൊക്കേഷണൽ തിയറി ഒന്നാം വർഷ പരീക്ഷ എന്നിവയുടെ ചോദ്യപേപ്പറുകൾക്ക് പകരം 28/3/2023 തീയതിയിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം വർഷ എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റിന്റെയും 30/3/2023 തീയതിയിൽ നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം വർഷ വൊക്കേഷണൽ തിയറിയുടെയും ചോദ്യപേപ്പറുകൾ മാറി നൽകുകയും അപ്രകാരം ചോദ്യപേപ്പറുകൾ പുറത്താകുകയും ചെയ്തിരുന്നു. ചോദ്യപേപ്പർ പുറത്തായത് കാരണം മേൽ പറഞ്ഞ വിഷയങ്ങളുടെ ചോദ്യപേപ്പറുകൾ വീണ്ടും തയ്യാറാക്കി സ്കൂളുകളിൽ വിതരണം നടത്തേണ്ട സാഹചര്യം ഉണ്ടായി. |
| (ബി) | ഓരോ സംഭവത്തിലും എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കുറ്റക്കാരായി | (ബി) | (ബി) മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗവ.ഹയർസെക്കന്ററി സ്കൂളിൽ നിന്നും 2020 |

| | | | |
|---|---|---|---|
| | കണ്ടെത്തിയവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര പേരെ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ; | | ഡിസംബർ 18 ന് നടത്തേണ്ടിയിരുന്ന ഒന്നാം വർഷ ഇംപ്രൂവ്മെന്റ് / സപ്ലിമെന്ററി പരീക്ഷയുടെ അക്കൗണ്ടൻസി വിത്ത് എ.എഫ്.എസ് ഇംഗ്ലീഷ്, ഇക്കണോമിക്സ്, വിഷയങ്ങളുടെ ചോദ്യപേപ്പറുകൾ നഷ്ടപെട്ട വിഷയത്തിൽ KER Chapter XIV A Rule 75 പ്രകാരമുള്ള വിശദമായ അന്വേഷണം നടത്തുന്നതിനും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തതുപ്രകാരം, ഇതുമായി ബന്ധപ്പെട്ട് 4 പേരെ സസ്പെൻഡ് ചെയ്യുകയുണ്ടായി. 2024 ഡിസംബറിൽ നടന്ന അർദ്ധവാർഷിക പരീക്ഷയുടെ ചോദ്യപേപ്പർ യൂട്യൂബിലൂടെ പ്രചരിച്ചതിനെത്തുടർന്ന് പോലീസ് ക്രൈം ബ്രാഞ്ച് അന്വേഷണവും, പൊതുവിദ്യാഭ്യാസ ഡയറക്ടർ നിയോഗിച്ച അന്വേഷണ കമ്മീഷന്റെ നേതൃത്വത്തിലുള്ള അന്വേഷണവും നടന്നുവരുന്നു.<br><br>ഇടമൺ വി.എച്ച്.എസ്. സ്കൂളിലെ ചോദ്യപേപ്പർ ക്രമക്കേടുമായി ബന്ധപ്പെട്ട് ചോദ്യപേപ്പർ രണ്ടാമതും അച്ചടിച്ച് സ്കൂളുകളിൽ വിതരണം ചെയ്ത വകയിൽ സർക്കാരിന് ചെലവായ തുകയായ 5,11,936 രൂപ (അഞ്ച് ലക്ഷത്തി പതിനൊന്നായിരത്തി തൊള്ളായിരത്തി മുപ്പത്തിയാറ് രൂപ മാത്രം) ടി സ്കൂളിലെ ചീഫ് സൂപ്രണ്ടായി പ്രവർത്തിച്ച ടി സ്കൂളിലെ തന്നെ നോൺ വൊക്കേഷണൽ ടീച്ചർ കെമിസ്ട്രി ആയ ശ്രീ. വിധു. കെ. യിൽ നിന്നും അതുപോലെ ഡപ്യൂട്ടി ചീഫ് സൂപ്രണ്ടായി പ്രവർത്തിച്ച തടിക്കാട് വി.എച്ച്.എസ്. സ്കൂളിലെ നോൺ വൊക്കേഷണൽ കോമേഴ്സ് ടീച്ചറായ ശ്രീ. റഹീം.എച്ച്-ൽ നിന്നും ഈടാക്കിയിരുന്നു. അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ. വിധു.കെ-യെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും പ്രിൻസിപ്പൽ ഇൻ ചാർജ്ജ് സ്ഥാനത്തു നിന്നും തരം താഴ്ത്തുകയും ചെയ്തിരുന്നു. |
| (സി) | എത്ര പേരെ സർവീസിൽ നിന്ന് പിരിച്ചു വിട്ടിട്ടുണ്ടെന്നും എത്ര പേരെ അന്വേഷണത്തിൽ കുറ്റവിമുക്തരാക്കിയിട്ടുണ്ടെന്നും എത്ര പേരെ സർവീസിൽ തിരിച്ചെടുത്തിട്ടുണ്ടെന്നുമുള്ള വിശദാംശം പേരും തസ്തികയും സഹിതം വ്യക്തമാക്കുമോ? | (സി) | (സി) ശ്രീമതി ഗീത.ഡി, പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ് കുഴിമണ്ണ, ശ്രീ മുഹമ്മദ് അലി റ്റി. HSST(Eco), GHSS ചുള്ളിക്കാട്, ശ്രീ മെഹ്റൂഫ് അലി.കെ HSST (PS), ക്രസന്റ് HSS ഒഴുക്കൂർ, ശ്രീ. അബ്ദുൾ സമദ്.റ്റി, FTM, GHSS കുഴിമണ്ണ എന്നിവരെ അച്ചടക്ക നടപടി നിലനിർത്തിക്കൊണ്ട് സേവനത്തിലേക്ക് പുനഃപ്രവേശിപ്പിച്ചിട്ടുണ്ട്.<br><br>ഇടമൺ വി.എച്ച്.എസ്. സ്കൂളിലെ ചീഫ് സൂപ്രണ്ടായി പ്രവർത്തിച്ച ടി സ്കൂളിലെ തന്നെ നോൺ വൊക്കേഷണൽ ടീച്ചർ കെമിസ്ട്രി ആയ ശ്രീ.വിധു.കെ- |

| | | | |
|---|---|---|---|
| | | | യെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നുവെങ്കിലും ടിയാൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.12212/2023 കേസിലെ 12/07/2023 തീയതിയിലെ വിധിന്യായപ്രകാരം സസ്പൻഷൻ ഉത്തരവ് സെറ്റ് എസൈഡ് ചെയ്യുകയും 31/05/2024 പ്രാബല്യത്തിൽ ടിയാൾ പ്രിൻസിപ്പൽ ഇൻ ചാർജ്ജ് ആയി സ്ഥാനം ഏൽക്കുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ